കുട്ടനാട് താലൂക്കിലെ മിച്ചഭൂമി സമരം

992 [1598] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കിൽ കൃഷ്ണപുരം കായൽനിലത്തിൽ നടന്ന മിച്ചഭൂമി സമരത്തിൽ പങ്കെടുത്ത എത്രപേരെയാണ് ജനുവരി 7-ാംതീയതി അറസ്റ്റു ചെയ്തത്;

(ബി) ഇവരുടെ പേരിൽ കോടതിയിൽ ചാർജ്ജുചെയ്ത കേസിനു് ആസ്പദമായ സംഗതി എന്തായിരുന്നു;

(സി) ആരുടെയെങ്കിലും പരാതിയെ തുടർന്നാണോ കേസ് എടുത്തത്? അങ്ങനെയാണെങ്കിൽ ആരുടെ പരാതി അടിസ്ഥാനമാക്കി;

(ഡി) ഈ കേസിൽ പ്രതികളെ ശിക്ഷിക്കുകയാണോ അതോ വെറുതെ വിടുകയാണോ ഉണ്ടായത്?

ഉത്തരം

(എ) 51 പേരെ അറസ്റ്റു ചെയ്തു.

(ബി) കൈനകരി വില്ലേജിൽ കൃഷ്ണപുരം മുറിയിൽ കൃഷ്ണപുരം പാടശേഖരത്തിൽ കവലയ്ക്കൽ രാഘവൻ വക നെൽകൃഷി ചെയ്തിരുന്ന നിലത്തിൽ കുറേകരമായി പ്രവേശിച്ച് വളമിടാനെന്നുള്ള ഭാവേന കൃഷി നശിപ്പിക്കുന്നതിനു ശ്രമിച്ചതിനാണ് അവരെ അറസ്റ്റുചെയ്ത് കേസെടുത്തത്.

(സി) ആരുടെയും പ്രത്യേക പരാതിയിൻമേലല്ല കേസ് രജിസ്റ്റർ ചെയ്തത്.

(ഡി) പ്രതികളെ കോടതി വെറുതെ വിട്ടു.

ഓർഡർലി സമ്പ്രദായം

993 [1602] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റേറ്റിലെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാർക്കുവേണ്ടി ഓർഡർലികളെ നിയമിക്കുന്ന സമ്പ്രദായം നിർത്തലാക്കുവാൻ ഗവൺമെൻറ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോഴത്തെ അങ്ങനെ ഒരു നിർദ്ദേശം പരിഗണനയിലില്ല.

റാന്നി പോലീസ് കോർട്ടേഴ്സിന്റെ നിർമ്മാണം

994 [1603] ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ പോലീസ് കോർട്ടേഴ്സ് പണിയുന്നതിനു് സ്ഥലം എടുത്തിട്ട് വർഷങ്ങൾ കഴിഞ്ഞു. എങ്കിലും ഇതുവരെയും കെട്ടിടങ്ങൾ നിർമ്മിക്കാതിരിക്കുവാനുള്ള കാരണമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അടിയന്തിരമായി പോലീസ് കാർട്ടേഴ്സ് റാന്നിയിൽ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സ്വീകാര്യമായ ടെൻഡർ ലഭിക്കാതിരുന്നതുകൊണ്ടാണ് നിർമ്മാണത്തിനു കാലതാമസമുണ്ടായത്.

(ബി) പണി തുടങ്ങാനുള്ള ഏർപ്പാടുകൾ പൊതു മരാമത്തു വകുപ്പു സ്വീകരിച്ചുകഴിഞ്ഞു.

റാന്നി—പെരുനാട് പഞ്ചായത്തിൽ പോലീസ് സ്റ്റേഷൻ

995 [1604] ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

റാന്നി—പെരുനാട് പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

പോലീസ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളവർദ്ധനവ്

996 [1605] ശ്രീമതി ഓർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളവർദ്ധനവിനുള്ള വല്ലനിർദ്ദേശവും ഗവൺമെൻറിൻെറ സജീവ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ എന്തെല്ലാം;

(സി) 1970-നു ശേഷം സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളം എത്രപ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) രണ്ടുപ്രാവശ്യം 1-7-1973-ലും, 1-7-1978-ലും സംസ്ഥാന ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചപ്പോൾ പോലീസ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളവും പരിഷ്കരിക്കുകയുണ്ടായി.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം കഴിഞ്ഞു.

II റിപ്പോർട്ട് സമർപ്പണം

(i) പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. എം.കെ. കൃഷ്ണൻ: സർ, പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 23-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly